**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **616** — 09.02.2016 ൽ മറുപടിക്ക്

**എല്ലാ ഗ്രാമങ്ങളിലും ബ്രോഡ് ബാന്റ് ഇന്റർനെറ്റ് സൗകര്യം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.എൻ.എ.ഖാദർ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ ഓപ്റ്റിക്കൽ ഫൈബർ കേബിൾ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിന് സംസ്ഥാനത്ത് എത്ര രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; | (എ) | കേന്ദ്ര സർക്കാർ പദ്ധതിയായ ദേശീയ ഓപ്റ്റിക്കൽ ഫൈബർ കേബിൾ നെറ്റ് വർക്ക് (എൻഒഎഫ്എൻ) സ്ഥാപിക്കുന്നതിന് വേണ്ടി വരുന്ന ചെലവ് കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. ഭാരത് ബ്രോഡ്ബാന്റ് നെറ്റ് വർക്ക് ലിമിറ്റഡ് (ബിബിഎൻഎൽ) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | ഈ പ്രവൃത്തി സംസ്ഥാനത്ത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | എൻഒഎഫ്എൻ പദ്ധതി ജൂൺ 2015-ഓടെ സംസ്ഥാനത്ത് പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും ബ്രോഡ് ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇ-ഗവേർണൻസ് രംഗത്തും ഗ്രാമീണ മേഖലയിൽ ബ്രോഡ് ബാന്റ് ഇന്റർ നെറ്റ് സൗകര്യമെത്തിക്കുന്നതിലും സംസ്ഥാനം കൈവരിച്ച നേട്ടം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഉണ്ട്. എൻഒഎഫ്എൻ പദ്ധതി പൂർത്തിയാക്കുന്ന ഭാരതത്തിലെ ആദ്യ ജില്ലയായി ഇടുക്കി ജില്ലയെ കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. 2015 ജൂൺ മാസത്തോടു കൂടി സംസ്ഥാനമൊട്ടാകെയുള്ള എല്ലാ ഗ്രാമ പഞ്ചായത്തിലും ബ്രോഡ് ബാന്റ് കണക്ഷൻ പൂർത്തീകരിച്ച ആദ്യ സംസ്ഥാനമാണ് കേരളം. കേരളം കൂടാതെ കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരി, ചണ്ഡീഗഢ് എന്നിവിടങ്ങളിലാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്. |

Sofaium

സെക്ഷൻ ഓഫീസർ